ശ്രീ. ഈപ്പൻ അറയ്ക്കൽ: ഫൻ ര ഫ-നമുമ്പ് പുറമ്പോക്കസ്ഥലങ്ങളും പൂതുവൽസ്ഥലങ്ങളും പതിച്ചുകൊടുത്തിരുന്നില്ലേ?

ശ്രീ. എ. ജെ. ജാൺ: അതിനുമുമ്പ് പതിച്ചുകൊടുത്തിട്ടുണ്ട്.

ശ്രീ. ഈപ്പൻ അറയ്ക്കൽ: ഏതുടെ കാലത്താണ് ആ നടപടി നിറുത്തൽ ചെയ്തത്?

ശ്രീ. എ. ജെ. ജോൺ: ഫൻ ര ഫ-ലാണ് നിറുത്തൽ ചെയ്തത്. ഏതുടെ കാലത്താണെന്ന നിശ്ചയമില്ല.

ശ്രീ. ഈപ്പൻ അറയ്ക്കൽ: പതിച്ചുകൊടുക്കുന്നത് നിറുത്തൽചെയ്തുകൊണ്ടുള്ള ഉത്തരവ് പുനഃപരിശോധന ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ? പുറമ്പോക്കസ്ഥലങ്ങളിൽ പ്രവേശിച്ച് സ്ഥിരമായ ദേഹണ്ഡങ്ങളും മറവും ചെയ്തിട്ടുള്ള ആളുകൾക്ക് ആ സ്ഥലങ്ങൾ പതിച്ചുകൊടുക്കാൻ ദയവുണ്ടാകുമോ?

ശ്രീ. എ. ജെ. ജാൺ: ലാൻഡ് അസൈൻമെൻറ് ബിൽ ഇവിടെ പാസ്സാക്കിയിട്ടുണ്ട്. ഭൂമി പതിച്ചുകൊടുക്കുന്നതിനുള്ള വ്യവസ്ഥകൾ അതിലുണ്ട്. പക്ഷെ, സാധാരണയായി പതിച്ചുകൊടുക്കുന്ന നടപടി ഗവൺമെണ്ട് സ്വീകരിക്കുന്നില്ലെന്നേയുള്ളൂ. ഗവൺമെണ്ട് ഭൂമി പാട്ടത്തിനുമാത്രമേ കൊടുക്കാവൂ എന്നുള്ള ഒരു നടപടിയാണ് ഫൻ ര ഫ-നുശേഷം ഇവിടെ സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. ഈപ്പൻ അറയ്ക്കൽ: പാട്ടംകൊടുത്തിട്ടുള്ള സ്ഥലങ്ങളിൽ പാട്ടക്കാർക്ക് ഭൂമിയിൽ സ്ഥിരാവകാശം കിട്ടത്തക്കവണ്ണം പതിച്ചുകൊടുക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. എ. ജെ. ജാൺ: അതു് ലാൻഡ് കമ്മിഠറിക്ക് റഫർ ചെയ്തിട്ടുള്ള കാര്യങ്ങളുടെ കൂട്ടത്തിൽ ഉണ്ടാണ്. ലാൻഡ് കമ്മിഠറിയുടെ റിപ്പോർട്ട് കിട്ടിയതിനുശേഷം ഏതു നടപടിയാണ് സ്വീകരിക്കേണ്ടതെന്ന് ആലോചിച്ച് തീരുമാനിക്കുന്നതാണ്.

**Sri P. Balakrishnan Thampi:** Would not registry in the names of trespassers be putting a premium upon lawlessness in the land?

**Sri. A. J. John:** Yes.

## COMPENSATION FOR THE MEMBERS OF TRAVANCORE STATE LABOUR UNIT

*936. [25] **Sri. Eapen Arakkal:** Will the Hon'ble Minister for Finance and Revenue be pleased to state.—

whether the Government have any control over the authorised officer (Deputy Accountant General) in the matter of disbursing amounts received as compensation for the minor dependants of deceased members of Travancore State Labour units.

*Minister for Finance and Revenue* [**Sri. A. J. John**]: In January 1949 a Deputy Accountant General was appointed as the Authorised Officer and this Government had control over him. Since the transfer of the Audit Department to the Centre this Government have no control over that officer.

**Sri. Eapen Arakkal:** Would it be possible to see that compensation is awarded to minor dependants?

**Sri. A. J. John:** Everything is now in the hands of the Accounts Department.

## പീലിക്കാട്ട ഗതാഗതസൌകര്യം

*൯൩ ൭. (൨൩) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—



LIBRARY ARCHIVES Kerala Legislative Assembly

(എ) പറവൂർ താലൂക്കിൽ ഇടപ്പള്ളിപകുതിയിൽ പീലിക്കാട്ടുകരയിൽ നിന്നു ചേരാനെല്ലൂക്ക് കടക്കുന്നതിനു ഒരു ചെറിയ പാലം പണിയുന്നതിനുവേണ്ട ഭൂമി അക്വയർചെയ്ത് പീലിക്കാട്ടുകാരുടെ സങ്കടത്തിനു പരിഹാരമുണ്ടാക്കണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടുള്ള വല്ല നിവേദനവും ഗവൺമെണ്ടിനു് ലഭിക്കുകയുണ്ടായോ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടിയാണു് എടുത്തിട്ടുള്ളതു്?

ധനകാര്യവും റെവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ലഭിച്ചിട്ടുണ്ടു്.

(ബി) വഴിക്കു വേണ്ട സ്ഥലം ഗവൺമെണ്ടിലേക്കു സൗജന്യമായി വിട്ടുകൊടുക്കാമെന്നു് വസ്തു ഉടമസ്ഥന്മാർ സമ്മതിക്കുകയും, അവിടെ മണ്ണിട്ടു നികത്തുവാൻ സ്ഥലവാസികളും തയ്യാറാകുകയും ചെയ്യുമെങ്കിൽ പാലം പണിയുണ്ടാക്കിക്കൊടുക്കുന്നതിനു വേണ്ട നടപടികളും നടത്തുന്നതാണു്.

ശ്രീ. പി. ബാലകൃഷ്ണൻതമ്പി: സ്ഥലവും റോഡും ശരിയാക്കിക്കഴിഞ്ഞതിനുശേഷം പിന്നെ ഗവൺമെണ്ടു് എന്താണു കുലുമാണു് ചെയ്തുകൊടുക്കാനുള്ളതു്?

ശ്രീ. എ. ജെ. ജാൺ: അതു റോഡാക്കി ഉറപ്പിച്ചുകൊടുക്കും.

## മാക്കറിലെ ഷെഡ്ഡുകൾ

*൯൩൫. (൨൭) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പറവൂർ താലൂക്കിൽ കുന്നുമ്പുറങ്ങൾ ഉള്ള പബ്ലിക്കു മാക്കറിലെ മുന്നു ഷെഡ്ഡുകളും ഇടിഞ്ഞുപൊളിഞ്ഞു വീഴാറായിരിക്കുന്ന സംഗതി പല പല പ്രാവശ്യം നിവേദനങ്ങൾമുഖേനയും നിയമസഭാ ചോദ്യങ്ങൾമുഖേനയും ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ കൊണ്ടുവന്നതായി ഓർക്കുന്നുണ്ടോ;

(ബി) പ്രസ്തുത ഷെഡ്ഡുകളും ഉടനടി നന്നാക്കുവാൻ കല്പന അയയ്ക്കുന്നതാണെന്നു ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി നിയമസഭയിൽ കഴിഞ്ഞ പ്രാവശ്യം പറഞ്ഞതായി ഓർക്കുന്നുണ്ടോ?

ധനകാര്യവും റെവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഉണ്ടു്.

(ബി) ഷെഡ്ഡുകളും നന്നാക്കുവാൻ ഉത്തരവുകളും അയച്ചിട്ടുണ്ടു്.

## കുമ്പളങ്ങിയിലെ ശുദ്ധജലക്ഷാമം

*൯൩൬. (൨൮) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ൨,൦൦൦ ജനങ്ങളും തിങ്ങിത്താമസിക്കുന്നതും, പലവിധ രോഗങ്ങൾക്കു വിധേയരായവരുമായ കുമ്പളങ്ങിദേശവാസികളും കുടിക്കുന്നതിനുള്ള ശുദ്ധജലം കിട്ടാതെ വളരെ കഷ്ടത അനുഭവിക്കുന്നുണ്ടെന്നുള്ള സംഗതി ഗവൺമെണ്ടിനറിയാമോ;

(ബി) കുമ്പളങ്ങി ഡിസ്പെൻസറി ഉൽഘാടനം ചെയ്യുവാൻ ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി വന്നിരുന്ന അവസരത്തിൽ അവിടെ സമ്മേളിച്ച ഒരു വൻപിച്ച യോഗത്തിൽ ഇതിനെ സംബന്ധിച്ചു് ഒരു നിവേദനം സമർപ്പിക്കുകയുണ്ടായോ;

(സി) ഉണ്ടെങ്കിൽ അതിന്മേൽ വല്ല നടപടിയും എടുത്തുവോ?

LIBRARY ARCHIVES Kerala Legislative Assembly